**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 990** **31-01-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ തടയാൻ നടപടികൾ സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ തടയാൻ നടപടികൾ സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന വില്ലേജുകളിലും വനാതിർത്തിക്കുള്ളിലെ ആദിവാസി സെറ്റിൽമെന്റുകളിലും മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സോളാർ പവർഫെൻസിംഗ്, എലിഫന്റ് പ്രൂഫ് ട്രെഞ്ച് എന്നിവ ഫണ്ടിന്റെ ലഭ്യതയക്കനുസരിച്ച് നിർമ്മിച്ചിട്ടുണ്ട്. ജീവനക്കാരുടെയും വാച്ചർമാരുടെയും വനസംരക്ഷണ സമിതി/ഇക്കോഡവലപ്മെന്റ് കമ്മിറ്റി അംഗങ്ങളുടെയും സഹകരണത്തോടെ വനാതിർത്തിക്കുള്ളിൽ പട്രോളിംഗ് നടത്തി നാട്ടിലിറങ്ങി ഒറ്റപ്പെട്ടു പോകുന്ന പ്രശ്നക്കാരികളായ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് മടക്കി അയയ്ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വന്യമൃഗങ്ങൾക്ക് കുടിവെള്ളത്തിനായി വനത്തിനുള്ളിൽ നിലവിലുള്ള ജലസ്രോതസ്സുകൾ ചെളിനീക്കി വൃത്തിയാക്കി നവീകരിച്ച് വരുന്നുണ്ട്. മഞ്ഞക്കൊന്ന ഉൾപ്പടെയുള്ള അധിനിവേശ സസ്യങ്ങളുടെയും മറ്റു കളസസ്യങ്ങളുടെയും നിർമ്മാർജ്ജനം, വയൽ പരിപാലനം എന്നിവയിലൂടെയെല്ലാം വനത്തിനുള്ളിൽത്തന്നെ ഭക്ഷ്യലഭ്യത ഉറപ്പാക്കി വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ ജനജാഗ്രതാ സമിതികളുടെ യോഗങ്ങൾ കൃത്യമായി ഇടവേളകളിൽ സംഘടിപ്പിച്ച് ഇക്കാര്യങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ വിലയിരുത്തി സമയബന്ധിത നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | വയനാട് വാകേരി കൂടല്ലൂരിലെ യുവ കർഷകനെ | (ബി) | വയനാട് വാകേരി കൂടല്ലൂരിലെ യുവ കർഷകനെ കടുവ |

| | | | |
|---|---|---|---|
| | കടുവ ആക്രമിച്ച കൊന്ന സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | | ആക്രമിച്ച കൊന്ന സംഭവം ഗൗരവത്തോടെ കാണുന്നുണ്ട്. ജനവാസമേഖലകളിൽ വന്യമൃഗങ്ങൾ ഇറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉണ്ടാക്കുന്നത് വളരെ ഗൗരവത്തോടെയാണ് വനം വകുപ്പ് വീക്ഷിക്കുന്നത്.<br>മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ ഒരാൾപോലും കൊല്ലപ്പെടരുത് എന്നാണ് വകുപ്പ് ആഗ്രഹിക്കുന്നത്. ഇതിനായി സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളും നടപ്പിലാക്കിവരുന്നു.<br><br>കടുവകൾ കന്നുകാലികളെ ആക്രമിച്ച എല്ലാ സ്ഥലത്തും താല്ക്കാലിക ക്യാമ്പ് ഷെഡുകൾ സ്ഥാപിച്ച് വനം ഉദ്യോഗസ്ഥരുടെ നിരീക്ഷണം ഉറപ്പാക്കി കടുവകളുടെ സാന്നിദ്ധ്യം പരിശോധിച്ച് നടപടിയെടുക്കുന്നുണ്ട്. ജനവാസമേഖലയിൽ ഇറങ്ങുന്ന കടുവയുൾപ്പെടെയുള്ള വന്യമൃഗങ്ങളെ കാര്യക്ഷമമായി നിരീക്ഷിക്കുന്നതിനും വനാതിർത്തിയോട് ചേർന്ന് വരുന്ന സ്ഥലങ്ങളിൽ അവയുടെ സാന്നിദ്ധ്യം മനസിലാക്കുന്നതിനും ക്യാമറകൾ സ്ഥാപിച്ച് തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. കേരളത്തിലെ തന്നെ ഏറ്റവും മികച്ച സ്റ്റാഫുകളുടെ സേവനം ലഭ്യമാക്കിയിട്ടുള്ള റാപ്പിഡ് റെസ്പോൺസ് ടീം (RRT) വയനാട് പ്രവർത്തിച്ച വരുന്നുണ്ട്. ഇതിന് പുറമെ എലഫന്റ് സ്ക്വാഡും ഉണ്ട്. റാപ്പിഡ് റെസ്പോൺസ് ടീം (RRT) ന്റെ മുഴുവൻ സമയ സേവനം ജില്ലയിൽ സജ്ജീകരിച്ച് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. NABARD Tranche XXVII പദ്ധതിയിൽ ഉൾപ്പെടുത്തി 310 ലക്ഷം രൂപ ചെലവിൽ മനുഷ്യ-വന്യമൃഗ സംഘർഷം കാര്യക്ഷമമായും പ്രൊഫഷണലായും കൈകാര്യം ചെയ്യുന്നതിനായി ആർ,ആർ.ടി കെട്ടിടം, വെറ്ററിനറി ഓഫീസ് കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ്, വെറ്ററിനറി ലാബ്, പോസ്റ്റ്മോർട്ടം റൂം എന്നിവയുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. മഞ്ഞക്കൊന്ന ഉൾപ്പെടെയുള്ള അധിനിവേശസസ്യങ്ങളുടെ നിർമ്മാർജ്ജനം, മറ്റ് കളസസ്യങ്ങൾ നീക്കംചെയ്യൽ, കാട്ടിനുള്ളിലെ കുളങ്ങളുടെ പരിപാലനം, കുളം നിർമ്മിക്കൽ, വയൽ പരിപാലനം എന്നിവയിലൂടെ ഭക്ഷ്യലഭ്യത കാട്ടിനുള്ളിൽ തന്നെ ഉറപ്പാക്കി വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്നത് തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പരിസ്ഥിതി പുനസ്ഥാപന ( Eco-restoration) പ്രവൃത്തിയുടെ ഭാഗമായി പരിസ്ഥിതിയ്ക്കും ആവാസ വ്യവസ്ഥയ്ക്കും അനുയോജ്യമായ രീതിയിൽ സ്വാഭാവികവനങ്ങൾ പുന:സ്ഥാപിക്കുന്നതിന് വേണ്ടി വയനാട് സൗത്ത് ഡിവിഷനിലെ കൽപ്പറ്റ |

| | | | |
|---|---|---|---|
| | | | റെയിഞ്ചിൽ 73.01 ഹെക്ടർ യൂക്കാലിതോട്ടങ്ങൾ 42.495 ലക്ഷം രൂപ വിനിയോഗിച്ചുകൊണ്ട് മുറിച്ചു മാറ്റി സ്വഭാവികവനങ്ങൾ പുന:സ്ഥാപിച്ച് സംരക്ഷിച്ചുവരുന്നു. |
| (സി) | വന്യമൃഗങ്ങൾ നാട്ടിലിറങ്ങി മനുഷ്യരെ കൊല്ലുന്ന സംഭവങ്ങൾ തുടർച്ചയായുണ്ടാകുന്ന സാഹചര്യത്തിൽ ഇതിന്റെ കാരണങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠനങ്ങളുടെ വിശദാംശം നൽകാമോ? | (സി) | കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള സംസ്ഥാനതല സ്ട്രാറ്റജി രൂപീകരിക്കുന്നതിനുള്ള പഠനത്തിനായി വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, കേരള വനം വകുപ്പ്, പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ എന്നിവരുമായി ചേർന്ന് 13/11/2018-ൽ ഒരു MOU ഒപ്പ് വയ്ക്കുകയും ആയത് പ്രകാരം പ്രസ്തുത പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പഠനം നടത്തിയതുമായി ബന്ധപ്പെട്ട പ്രോജക്ട് പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുന്നത് താഴെ പറയുന്ന കാരണങ്ങളാലാണെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. ആയത് ചുവടെ ചേർക്കുന്നു.<br><br>1. വനമേഖലയോട് ചേർന്ന് പ്രവർത്തിക്കാത്തതും വേണ്ട രീതിയിൽ പരിപാലിക്കാത്തതുമായി നിരവധി എസ്റ്റേറ്റുകളിൽ വന്യമൃഗങ്ങൾ തമ്പടിച്ചുവരുന്നു. ഈ എസ്റ്റേറ്റുകളെ പരിപാലിച്ചാൽ വന്യ മൃഗങ്ങളുടെ സാന്നിദ്ധ്യം ഒഴിവാക്കാൻ കഴിയും.<br><br>2. വനാതിർത്തി പങ്കിടുന്ന മേഖലയിലെ എസ്റ്റേറ്റുകളിലും വീടുകളിലും വലിയതോതിൽ മാലിന്യം നിക്ഷേപിക്കുന്നത് വന്യമൃഗങ്ങളെ ഈ ഇടങ്ങളിലേക്ക് ആകർഷിക്കുന്നതിന് കാരണമാകുന്നു. അതിനാൽ ജനവാസമേഖലകളിൽ വന്യജീവികളുടെ സാന്നിദ്ധ്യം ഇല്ലാതാക്കുന്നതിന് പ്രസ്തുത മാലിന്യങ്ങളെ പഞ്ചായത്തുകളുടെയും വ്യക്തികളുടെയും നേതൃത്വത്തിൽ നീക്കം ചെയ്യുന്നത് ഗുണകരമായിരിക്കും.<br><br>3. മതിയായ സുരക്ഷയില്ലാതെ വനാതിർത്തി പങ്കിടുന്ന മേഖലകളിൽ നിരവധി കന്നുകാലിവളർത്തൽ കേന്ദ്രങ്ങളും വിവിധ ഫാമുകളും പ്രവർത്തിച്ചുവരുന്നത് രാത്രികാലങ്ങളിൽ വന്യമൃഗങ്ങളുടെ ഇരതേടൽ എളുപ്പമാക്കുന്നു. ഇക്കാര്യത്തിൽ തദ്ദേശവാസികൾ പ്രത്യേക ശ്രദ്ധ നൽകുന്നത് നല്ലതായിരിക്കും.<br><br>4. ആധുനിക വാർത്താ വിനിമയ വിവര സങ്കേതിക സൗകര്യങ്ങൾ വർദ്ധിച്ച അളവിൽ ഉപയോഗപ്പെടുത്തുന്നത് മൂലം മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 5. ആവാസ മേഖലകൾ ചെറുകഷണങ്ങളായി മുറിഞ്ഞു പോകുന്നത് മൂലം വന്യജീവികളുടെ സ്വൈര വിഹാരം തടസ്സപ്പെടുന്നതിനും വന്യജീവികൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്നതിനും കാരണമാകുന്നു.<br><br>6. കാടിനു ചുറ്റുമുള്ള കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിച്ചിരിക്കുന്നു. കൃഷി സമ്പ്രദായം മാറി, കർഷകർ കരിമ്പ്, വാഴ പോലുള്ള വാണിജ്യ വിളകൾ വർദ്ധിച്ച തോതിൽ കൃഷി ചെയ്യാനാരംഭിച്ചു.<br><br>7. അധിനിവേശ വിദേശ സസ്യങ്ങളും ജീവികളും വന്യജീവികൾക്ക് ഭക്ഷ്യ ലഭ്യത കുറയ്ക്കുന്നു.<br><br>8. യൂക്കാലിപ്റ്റ്സ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശ ഇനം സസ്യങ്ങൾ വനത്തിനുള്ളിലും പുൽമേടുകളിലും മറ്റും തോട്ടമായി മുൻകാലങ്ങളിൽ നട്ടു വളർത്തിയത് ആവാസ വ്യവസ്ഥകളുടെ ഗുണ നിലവാരം നശിപ്പിച്ചു.<br><br>9. മനുഷ്യരും, വളർത്തു മൃഗങ്ങളും വന്യജീവി മേഖലകളിൽ സഞ്ചരിക്കുന്നതും തങ്ങുന്നതും ചിലപ്പോൾ അപകടങ്ങൾക്ക് ഇടയാക്കുന്നു.<br><br>10. വന്യജീവികളുടെ എണ്ണത്തിലുള്ള ഏറ്റക്കുറച്ചിലുകൾ. |

സെക്ഷൻ ഓഫീസർ